ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.02.2026** | പ്രധാന വാർത്തകൾ | **TIME: 07.25 AM**

1. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തി. നിർണായക ധാതുക്കൾ സംബന്ധിച്ച മന്ത്രിതല യോഗത്തിൽ ശ്രീ.ജയശങ്കർ ഇന്ന് പങ്കെടുക്കും.

   **External Affairs Minister S Jaishankar met US Secretary of State Marco Rubio in Washington. Mr. Jaishankar will attend the critical minerals ministerial meet today.**

2. ഇന്ത്യ- അമേരിക്ക വ്യാപാര കരാർ ഇന്ത്യയുടെ ദേശീയ താൽപ്പര്യത്തിന് മുൻതൂക്കം നൽകുന്നതെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that the India-US trade agreement prioritizes India's national interest.**

3. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പണനയ അവലോകന യോഗം ഇന്ന് മുതൽ വെള്ളിയാഴ്ച വരെ മുംബൈയിൽ ചേരും.

   **The Reserve Bank of India will hold its Monetary Policy Committee meeting from today to Friday**

4. കേരള നിയമസഭയിൽ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള പൊതുചർച്ച ഇന്നും തുടരും. ചർച്ച ഇന്ന് അവസാനിക്കും.

The discussion on the state budget in the Kerala Assembly will continue today. The discussion will conclude today.

5. അർബുദത്തെക്കുറിച്ചുള്ള അവബോധം വളർത്തുക രോഗനിർണയവും ചികിത്സയും എല്ലാവർക്കും ലഭ്യമാക്കുക എന്നീ ലക്ഷ്യത്തിലൂന്നി ഇന്ന് ലോക കാൻസർ ദിനം.

Today is World Cancer Day, with the aim of raising awareness on cancer and making diagnosis and treatment accessible to all.

6. വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെ പരാജയപ്പെടുത്തി ഡൽഹി ക്യാപിറ്റൽസ് ഫൈനലിൽ.

In the Women's Premier League Twenty20 cricket, Delhi Capitals defeated Gujarat Giants to enter finals.

☸☸☸☸☸☸☸☸☸☸☸☸☸

## PARLIAMENT

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെൻറിൽ ഇന്നും തുടരും. പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക്സഭയിൽ ഇന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചേക്കും. അതിനിടെ, സഭയിൽ മോശമായി പെരുമാറിയെന്ന് ചൂണ്ടിക്കാട്ടി ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ് ഉൾപ്പെടെയുള്ള എട്ട് പ്രതിപക്ഷ എംപിമാരെ ഇന്നലെ സസ്പെൻഡ് ചെയ്തു. ബജറ്റ് സമ്മേളന കാലയളവിലേക്കാണ് സസ്പെൻഷൻ.

☸☸☸☸☸☸☸☸☸☸☸☸☸

## JAISANKAR-RUBIO

അമേരിക്കയിൽ സന്ദർശനം തുടരുന്ന വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തി.

നിർണായക ധാതുക്കൾ സംബന്ധിച്ച മന്ത്രിതല യോഗത്തിൽ ശ്രീ.ജയശങ്കർ ഇന്ന് പങ്കെടുക്കും. വ്യാപാരം, ഊർജ്ജം, ആണവ, പ്രതിരോധം, നിർണായക ധാതുക്കൾ, സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുതായി വിദേശകാര്യ മന്ത്രി പറഞ്ഞു. ഇന്ത്യ- യുഎസ് വ്യാപാര കരാർ ധാരണയായതിന് പിന്നാലെയാണ് ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ച.

❁❁❁❁❁❁❁❁❁❁❁❁❁

## PIYUSH GOYAL ( INTRO)

ഇന്ത്യ അമേരിക്ക വ്യാപാര കരാർ ഇന്ത്യയുടെ ദേശീയ താൽപ്പര്യത്തിനു മുൻതൂക്കം നൽകുന്നതെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. കാർഷിക, ക്ഷീര മേഖലകളുടെ ഉൾപ്പടെ ഉന്നമനം കരാർ ഉറപ്പാക്കുന്നു. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ലോകോത്തര സാങ്കേതികവിദ്യകൾ നേടുന്നതിന് കരാർ അവസരമൊരുക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ് )

വ്യാപാര കരാറിന്റെ അന്തിമ വിശദാംശങ്ങൾ സംബന്ധിച്ച ഇന്ത്യ-യു.എസ് സംയുക്ത പ്രസ്താവന ഉടൻ പുറത്തിറക്കുമെന്നും ശ്രീ.ഗോയൽ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## PM-NDA MEETING

അമേരിക്കയുമായുള്ള ഇന്ത്യയുടെ ചരിത്രപ്രധാനമായ വ്യാപാര കരാർ സുസ്ഥിര പ്രയത്നത്തിന്റെ ഫലമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന പാർലമെന്ററി പാർട്ടി യോഗത്തിൽ എൻഡിഎ എംപിമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാറിക്കൊണ്ടിരിക്കുന്ന

ലോകക്രമത്തിൽ ഇന്ത്യയ്ക്ക് കൂടുതൽ അനുകൂല സാധ്യതകളാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു.

## RBI MPC

റിസർവ് ബാങ്കിൻറെ പണനയ അവലോകന യോഗം ഇന്ന് മുതൽ വെള്ളിയാഴ്ച വരെ മുംബൈയിൽ ചേരും. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിലുള്ള ആറ് അംഗ കമ്മിറ്റിയുടെ തീരുമാനങ്ങൾ വെള്ളിയാഴ്ച പ്രഖ്യാപിക്കും. പോളിസി നിരക്കിൽ കൂടുതൽ കുറവുകൾ വരുത്തുന്നത് താൽക്കാലികമായി നിർത്താൻ സാധ്യതയുണ്ടെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ. 2025 ഫെബ്രുവരി മുതൽ ഡിസംബർ വരെ റിപ്പോ നിരക്ക് 125 ബേസിസ് പോയിൻറ് കുറച്ചിട്ടുണ്ട്. നിലവിൽ 5.25 ശതമാനമാണ് റിപ്പോ നിരക്ക്.

## PM- PARIKSHA PE CHARCHA

വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി കാണാൻ പൗരന്മാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദമില്ലാതെ പരീക്ഷകളെ നേരിടേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു.

## MILITARY EXERCISE-KHANJAR

ഇന്ത്യ- കിർഗിസ്ഥാൻ സംയുക്ത സൈനികാഭ്യാസമായ ഖഞ്ചാറിന്റെ 13-ാം പതിപ്പ് ഇന്ന് അസമിലെ മിസാമാരിയിൽ

ആരംഭിക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തമാക്കുന്നതിനും സൈനിക പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സൈനികാഭ്യാസം സഹായകമാകും. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ സംയുക്തമായി പ്രവർത്തിക്കാനും ഏകോപനം മെച്ചപ്പെടുത്താനും ഖൻജാർ ലക്ഷ്യമിടുന്നു. സൈനികാഭ്യാസം ഈ മാസം 17 ന് അവസാനിക്കും.

## INDIA–TANZANIA

ഇന്ത്യ-ടാൻസാനിയ സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ നാലാമത് യോഗം സാൻസിബാറിൽ നടന്നു. സൈനിക പരിശീലനം, സമുദ്ര സുരക്ഷ, പ്രതിരോധ വ്യവസായം എന്നീ മേഖലകളിലെ സഹകരണം ഇരുരാജ്യങ്ങളും യോഗത്തിൽ അവലോകനം ചെയ്യു. ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷ, നിർമ്മിത ബുദ്ധി, ഇലക്ട്രോണിക് യുദ്ധമുറകൾ തുടങ്ങി അത്യാധുനിക മേഖലകളിൽ സഹകരിക്കും. ഉഭയകക്ഷി പ്രതിരോധ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ സാധ്യതകൾ തേടാൻ ഇരുപക്ഷവും തീരുമാനിച്ചതായും പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

## SFDR TECHNOLOGY

സോളിഡ് ഫ്യുവൽ ഡക്റ്റഡ് റാംജെറ്റ് സാങ്കേതികവിദ്യ വിജയകരമായ പരീക്ഷിച്ച് ഡി ആർ ഡി ഒ. ഒഡീഷ തീരത്തെ ചണ്ഡിപ്പൂരിലുള്ള ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ ഇന്നലെയായിരുന്നു നിർണായക പരീക്ഷണം നടന്നത്. ഇതോടെ ഈ സാങ്കേതികവിദ്യ കൈവശമുള്ള മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയതായി പ്രതിരോധ മന്ത്രാലയം

അറിയിച്ചു. ഭൗമോപരിതല ദീർഘദൂര മിസൈലുകളുടെ വികസനം ഈ പരീക്ഷണത്തിലൂടെ സാധ്യമാകുമെന്ന് മന്ത്രാലയം വ്യക്തമാക്കി. SFDR സാങ്കേതികവിദ്യ വിജയകരമായി പരീക്ഷിച്ച ഡി ആർ ഡി ഒ യെയും വ്യവസായ പങ്കാളികളെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ASSEMBLY -ADN (INTRO)

കേരള നിയമസഭയിൽ ബജറ്റിനെ കുറിച്ചുള്ള പൊതുചർച്ച ഇന്നു മൂന്നാം ദിനവും തുടരും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## WORLD CANCER DAY 2026

അർബുദത്തെക്കുറിച്ചുള്ള അവബോധം വളർത്തുക രോഗനിർണയവും ചികിത്സയും എല്ലാവർക്കും ലഭ്യമാക്കുക എന്നീ ലക്ഷ്യത്തിലൂന്നി ഇന്ന് ലോക കാൻസർ ദിനം . "United by Unique" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. യൂണിയൻ ഫോർ ഇന്റർനാഷണൽ കാൻസർ കൺട്രോളിന്റെ നേതൃത്വത്തിലാണ് ഈ ദിനം ആചരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ANNOUNCEMENT

വിവിധ കേന്ദ്ര പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു.

കേന്ദ്രബജറ്റ് 2026-27 നെ കുറിച്ചുള്ള ചർച്ച ഇന്ന് ഉച്ചയ്ക്ക് 1.45 ന് കേൾക്കാം. ചർച്ചയിൽ സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജ്ജ് സംസാരിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## NCC – RD

ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ .സി.സി കേഡറ്റുകൾക്കുള്ള അനുമോദന ചടങ്ങ് പാങ്ങോട് മിലിറ്ററി സ്റ്റേഷനിൽ ഇന്ന് നടക്കും. മന്ത്രി ആർ. ബിന്ദു എൻ.സി.സി. കേഡറ്റുകളെ അനുമോദിക്കും. കേരള-ലക്ഷദ്വീപ് എൻ.സി.സി - എ.ഡി.ജി മേജർ ജനറൽ രമേശ് ഷണ്മുഖം, മറ്റ് സൈനിക ഉദ്യോഗസ്ഥർ, തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## VOTERS LIST

കേരളത്തിൽ SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസിദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## S.P.VENKITESH

ഇന്നലെ അന്തരിച്ച സംഗീത സംവിധായകൻ എസ്.പി.വെങ്കടേഷിന്റെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ചെന്നൈയിലെ പോരൂർ ശ്മശാനത്തിൽ നടക്കും. മലയാളത്തിൽ ഉൾപ്പെടെ

നിരവധി ഗാനങ്ങൾക്ക് ഈണം നൽകിയ അദ്ദേഹത്തിന് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ഉൾപ്പെടെ ലഭിച്ചിട്ടുണ്ട്. ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലെ വസതിയിലായിരുന്നു അന്ത്യം.

❁❁❁❁❁❁❁❁❁❁❁❁❁

## BIRD FLU

കണ്ണൂർ മാലൂർ പഞ്ചായത്തിലെ തൃക്കടാരിപൊയിലിൽ ചത്ത കാക്കയുടെ സാമ്പിൾ പരിശോധിച്ചതിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ. മനുഷ്യരിലേക്ക് പടരാൻ സാധ്യത ഉള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജനുവരി 17 ന് ഇരിട്ടി എടക്കാനത്ത് ചത്ത കാക്കയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## WPL-CRICKET

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്നലെ നടന്ന സെമിഫൈനലിൽ ഗുജറാത്ത് ജയന്റ്സിനെ ഡൽഹി ക്യാപിറ്റൽസ് ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി ക്യാപിറ്റൽസ് 15.4 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

ഫൈനൽ പോരാട്ടത്തിൽ നാളെ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## UNDER 19 MEN ODI CRICKET

അണ്ടർ 19 പുരുഷ ഏകദിന ലോകകപ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.

സിംബാബ്‌വെ ഹരാരേ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒരു മണിക്ക് മത്സരം ആരംഭിക്കും. ആദ്യ സെമിയിൽ ഓസ്‌ട്രേലിയയെ പരാജയപ്പെടുത്തി ഇംഗ്ലണ്ട് ഫൈനലിൽ എത്തിയിട്ടുണ്ട്. മറ്റന്നാളാണ് ഫൈനൽ പോരാട്ടം.